തത്വത്തിലും യഥാർത്ഥത്തിലും കറുപ്പിരഹിതനാണ്. എന്നാൽ സ്പീക്കർ തങ്ങളുടെ ഭാഗത്താണെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുഖ്യമന്ത്രി ബഹുമാനപ്പെട്ട സ്പീക്കറേയും അതിലൂടെ ബഹുമാനപ്പെട്ട നിയമസഭയേയും ആക്ഷേപിച്ചിരിക്കുകയാണ്. അപ്രകാരം ബഹുമാനപ്പെട്ട സഭയുടെ അവഹേളനത്തിന് മുഖ്യമന്ത്രി ലംഘിച്ചിരിക്കുന്നു.

ഇതു സംബന്ധിച്ച് ഉള്ള വാർത്ത പ്രസിദ്ധീകരിച്ചിരുന്ന ഡിസംബർ 5-ാം തീയതിയിലെ ജനയുഗം പത്രത്തിന്റെ കോപ്പിയും ഹാജരാക്കിയിട്ടുണ്ട്.

സ്പീക്കറെ സംബന്ധിക്കുന്നതും സ്പീക്കറുടെ നിഷ്പക്ഷത മുതലായ കാര്യങ്ങളെ ഉൾക്കൊള്ളുന്നതുമായ ഒരു പ്രശ്നമാണ് ഇതിൽ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും ഇത് ഒരു പ്രിവിലേജ് പ്രശ്നം എന്നുള്ള നിലയിൽ പരിഗണിക്കേണ്ട ആവശ്യം ഉണ്ടെന്നാണ് എന്റെ വിശ്വാസം. ആ നിലയിൽ ഇതിന്റെ എല്ലാ വശങ്ങളും സംബന്ധിച്ച് അഗാധമായി പഠിച്ച് അതു സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻസ് നടത്തി പ്രിവിലേജ് കമ്മിറ്റി ഒരു റിപ്പോർട്ട് ഈ സഭയ്ക്കു തരുന്നതായിരിക്കും നല്ലതെന്നു വിചാരിക്കുന്നു. ആ നിലയ്ക്ക് ഈ പ്രശ്നത്തെ സംബന്ധിച്ച് ഇപ്പോൾ ചർച്ചനടത്താതെ ഈ പ്രശ്നം എന്റെ അധികാരം ഉപയോഗിച്ച് ഞാൻ പ്രിവിലേജ് കമ്മിറ്റിക്ക് അയക്കുകയാണ്.

ADJOURNMENT MOTIONS

Setting fire to a KSRTC Bus

കണ്ണൂർ ഡിസ്ട്രിക്ടിലെ മട്ടന്നൂർ എന്ന സ്ഥലത്തിനടുത്തുവച്ച് ജനുവരി 1-ാം തീയതി ഒരു ട്രാൻസ്പോർട്ട് ബസ്സിനു പെട്രോൾഒഴിച്ച് തീ വച്ചതിന്റെ ഫലമായി മൂന്നുപേർ വെന്തുമരിക്കുകയും അനേകംപേർക്ക് പൊള്ളലേൽക്കുകയുംചെയ്ത അത്യന്തം ഗുരുതരമായ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് റൂൾ 49 അനുസരിച്ച് സർവ്വശ്രീ ഇ. അഹമ്മദ്, ടി. എ. മജീദ്, പി. എസ്. ശ്രീനിവാസൻ, ഇ. ചന്ദ്രശേഖരൻ നായർ, കെ. മൊയ്തീൻകുട്ടി ഹാജി, കെ. എം. മാണി, എൻ. കെ. ബാലകൃഷ്ണൻ, ബേബിജോൺ, കെ. ചന്ദ്രശേഖരശാസ്ത്രി, ആർ. എസ്. ഉണ്ണി, കെ. കെ. കുമാരപിള്ള എന്നിവർ നോട്ടീസു നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് ഇതിനെ സംബന്ധിച്ച് വല്ലതും പറയാനുണ്ടെങ്കിൽ പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, അത്യന്തം ഖേദകരവും ഭയാനകവുമായ ഒരു സംഭവത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ന് ഈ സഭ സമ്മേളിക്കുന്നത്. ബഹുമാനപ്പെട്ട ഏതാനും മെമ്പറൻമാർ അടിയന്തിരപ്രമേയത്തിനു നോട്ടീസ്കൊടുത്ത ആ സംഭവത്തെ സംബന്ധിച്ച് ഗവൺമെന്റിനു ലഭിച്ചിട്ടുള്ള വിവരങ്ങൾ ആദ്യമായി ഞാൻ സഭയെ അറിയിക്കുകയാണ്. ഈ മാസം 21-ാം തീയതി ഏകദേശം ഏഴര മണിക്ക് കൂട്ടുപുഴക്കും കണ്ണൂരിനുമിടക്ക് ഓടുന്ന കെ. എസ്. ആർ. റ്റി. സി. യുടെ ഒരു ബസിനെ മട്ടന്നൂരിന് അടുത്തുവച്ച് ഒരു സംഘം ആളുകൾ തീ വയ്ക്കുകയുണ്ടായി. ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്ത ഈ അക്രമികൾ ബസ്സ് തടഞ്ഞുവച്ച് വാതിലിൽക്കൂടി പെട്രോൾ ഒഴിക്കുകയും ബസ് തീ വയ്ക്കുകയുമാണ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. 50-ഓളം യാത്രക്കാർ ആ ബസ്സിലുണ്ടായിരുന്നു. അതിനെ തുടർന്ന് ആ ബസ്സ് ആകമാനം കത്തി നശിച്ചുപോയി. യാത്രക്കാരെല്ലാം എരിയുന്ന ബസിൽനിന്ന് അതിവേഗം പുറത്തുചാടാൻ ശ്രമിച്ചു. ഒരാൾ ഒഴിച്ച് മറ്റു യാത്രക്കാരെല്ലാം പുറത്തുചാടി. ഒരു യാത്രക്കാരൻ ബസ്സിൽ കുടുങ്ങി കരിഞ്ഞു നശിച്ചുപോയി. 13 പേർക്ക് കഠിനമായ പരിക്കുകളേറ്റു. അവരിൽ 14 പേരെ കണ്ണൂർ ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലും, രണ്ടുപേരെ മട്ടന്നൂർ ആശുപത്രിയിലും, രണ്ടുപേരെ കൂത്തുപറമ്പ് ആശുപത്രിയിലും കൊണ്ടുപോയി. പൊള്ളലേറ്റവരിൽ രണ്ടുപേർ പിന്നീട് ആശുപത്രിയിൽ വച്ച് മരിച്ചു. പരിക്കുപറ്റിയ ഒരാളുടെ സ്ഥിതി വളരെ ഗുരുതരമാണ്. ഈ വിവരം അറിഞ്ഞയുടനെ പോലീസ് സംഭവസ്ഥലത്തേക്ക് കുതിക്കുകയും ആ സ്ഥലം കാക്കുവാനും അന്വേഷണത്തിനുമുള്ള നടപടികളും എടുക്കുകയും ചെയ്തു. ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ഇതിന് ഉത്തരവാദികളായ അക്രമികളെ പിടിക്കാനുള്ള എല്ലാ പരിശ്രമങ്ങളും പോലീസ് ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്ര വേഗത്തിൽ പോലീസ്പാർട്ടി സംഭവസ്ഥലത്തേക്ക് പോയിട്ടുണ്ട്. ഇപ്പോഴത്തെ ട്രാൻസ്പോർട്ട് പണിമുടക്കും, പൊതുവേ നാട്ടിലുണ്ടാകുന്ന അസ്വസ്തതകളുമെല്ലാം നേരിടുന്നതിനുവേണ്ടി പരമാവധി പോലീസ്കാരും ഉദ്യോഗസ്ഥൻമാരും എല്ലാം സ്റ്റേഷനു പുറത്ത് ജോലി ചെയ്യുകയായിരുന്നതുകൊണ്ട് ചുരുക്കം പോലീസുകാർ മാത്രമേ അപ്പോൾ സ്റ്റേഷനിലുണ്ടായിരുന്നുള്ളൂ. അവരെ സംഭവസ്ഥലത്ത് അയക്കാൻ സാധിക്കുമായിരുന്നില്ല. കാരണം സ്റ്റേഷന്റെ സംരക്ഷണത്തിനാവശ്യമായ പോലീസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. കണ്ണൂരിലുള്ള പോലീസ് പാർട്ടിയാണ് സംഭവസ്ഥലത്ത് എത്തിച്ചേർന്നത്. എത്രവേഗത്തിൽ .എത്തിച്ചേരാൻ കഴിയുമോ അത്രയും വേഗത്തിൽ പോലീസ്പാർട്ടി എത്തിച്ചേർന്നിട്ടുണ്ടെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

വളരെ നിർഭാഗ്യകരമായ ഒരു സംഭവമാണ് ഇത്. ബഹുമാനപ്പെട്ട മെമ്പറൻമാരുടെ ആശങ്കയിലും, വേദനയിലും ഗവൺമെൻറ് പങ്കു ചേരുന്നു. നിരപരാധികളായ ആളുകളും ബസ്സുകളിൽ യാത്രചെയ്തത് അവരുടെ ബന്ധുമിത്രാദികളുടെ അടുത്തു പോകുമ്പോൾ അവരെ സ്വീകരിക്കുന്നതിനുപകരം കരിഞ്ഞ മൃതശരീരങ്ങൾ സ്വീകരിക്കേണ്ടിവരിക ഭയാനകമായ അനുഭവമാണെന്നു പറയാതെ നിർവ്വാഹമില്ല. ഒരു വാതിൽ മാത്രമുള്ള ബസിൽ പെട്രോളൊഴിച്ച് തീകത്തിച്ച് ആ ബസ്സിലുള്ള ആളുകളെയെല്ലാം പുകയിട്ട് കരിച്ചുകൊല്ലുന്ന ഗുരുതരമായ, രാക്ഷസീയമായ സംഭവത്തെപ്പറ്റി ചിന്തിക്കാൻപോലും സാദ്ധ്യമല്ലെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. അങ്ങനെയുള്ള സംഭവങ്ങൾ വാസ്തവത്തിൽ ഉണ്ടാകാതിരിക്കാൻവേണ്ടി, അതിനു നേതൃത്വം നൽകാതിരിക്കാൻവേണ്ടി ഉത്തരവാദപ്പെട്ടവർ, മനുഷ്യത്വമുള്ള ആളുകളും എല്ലാം മുന്നോട്ടു വരണമെന്നുള്ള കാര്യം മാത്രമേ എനിക്ക് ഇപ്പോൾ പറയാനുള്ളൂ. ഇന്നലത്തെ പണിമുടക്ക് വിചാരിച്ചതുപോലുള്ള ഒരു വിജയമാകുന്നില്ലെന്നു കണ്ടതുകൊണ്ട് പല അക്രമപ്രവർത്തനങ്ങൾക്കും നേതൃത്വം കിട്ടിയിരുന്നു എന്നുള്ളത് ഇന്നലെ സ്റ്റേറ്റിൽ നടന്ന പല സംഭവങ്ങളിൽനിന്നും മനസ്സിലായിട്ടുണ്ട്. ഈ സ്ഥലത്തുതന്നെ ഇന്നലെ ബസ് യാത്ര ചെയ്തിരുന്ന ആളുകളുടെമേൽ ആസിഡ് ബോംബ് എറിയുകയും ആറ്റിപ്പറ്റ്യ പോലുള്ള കൊച്ചു കുട്ടികളുടെ ശരീരം ആസിഡ് ബോംബ് ഏറുകൊണ്ട് വികൃതമാകുകയും ചെയ്തിട്ടുള്ള സംഭവത്തെക്കുറിച്ചുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആസിഡ് ബോംബ് സംഭവത്തിന്റെ വേദന വളരെ അനുഭവിച്ഞാനത്തോടുകൂടി മാത്രം ചിന്തിക്കാൻ കഴിയുന്ന ഒരാളാണ് ഞാൻ. ആളുകളുടെ മുഖമായ മാറ്റിക്കളയത്തക്ക വിധത്തിലുള്ള ഇത്തരം സംഭവങ്ങൾ പരിഷ്കൃതയുഗത്തിൽ നടന്നുകൊണ്ടിരിക്കുന്നു എന്നു കാണുന്നതിൽ വാസ്തവത്തിൽ വളരെ വേദനയുണ്ട്. അക്രമം ഏതു ഭാഗത്തുനിന്നായാലും ആക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

പിക്കപ്പെടേണ്ടതാണ്. അതിൽ യാതൊരു സംശയവുമില്ല. ഏതു ഭാഗത്തു നിന്നുള്ള അക്രമമായാലും അതു തടയാനുള്ള ഉത്തരവാദിത്വവും എല്ലാ ഭാഗത്തുള്ള ആളുകൾക്കുണ്ടെന്നുള്ള കാര്യവും സമ്മതിക്കാൻ ഞാൻ തയ്യാറാണ്. ബസ് പണിമുടക്കം രാത്രി 12 മണിക്ക് ആരംഭിക്കുമെന്നായിരുന്നു പ്രസ്താവിച്ചിരുന്നതെങ്കിലും തലേന്നു വൈകുന്നേരം മുതൽ ബസ്സുകളുടെ ടയറുകൾ കുത്തിക്കീറാനും പൊതുസ്വത്തായ ബസ്സുകളെ നശിപ്പിക്കാനുമുള്ള ശ്രമങ്ങൾ നടന്നിരുന്നു. രാഷ്ട്രീയകക്ഷികൾ അന്യോന്യം നടത്തുന്ന ആക്രമണ പ്രത്യാക്രമണങ്ങൾക്കു പുറമേ നിരപരാധികളായ ആളുകൾ കൊല്ലപ്പെടുന്നതായ സംഭവം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗൗരവതരമായ സ്ഥിതിയാണ് വാസ്തവത്തിൽ ഉളവായിട്ടുള്ളത്. എല്ലാ നിലവാരത്തിലും ഇതിനെ നിരുൽസാഹപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടത്തേണ്ടതാണെന്നു പറയുന്നതുകൊണ്ട് ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അവരുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണെന്ന് ആരും വിചാരിക്കരുത്. ഇതിനെ കർശനമായി നേരിടാൻ നിയമപരമായി ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളാനും, അക്രമങ്ങളെ തടയാനും, അക്രമികളെ തിരഞ്ഞുപിടിച്ചു ശിക്ഷിക്കാനും ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് കൈക്കൊള്ളുന്നതാണെന്ന് ആശങ്കാകുലമായ ഈ സഭയ്ക്കു ഉറപ്പുനൽകാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ പണിമുടക്കിനു നേതൃത്വം കൊടുത്ത ആളുകളുടെ ചില പ്രസ്താവനകളിലേക്ക് ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. പാറശ്ശാല ശിവാനന്ദൻ സെക്രട്ടറിയായ കെ. എസ്. ആർ. റ്റി. സി. എംപ്ലോയീസ് അസോസിയേഷൻ 24-11-1969-ൽ പുറപ്പെടുവിച്ചതും ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ചതുമായ ഒരു പ്രസ്താവനയിലേക്ക് ഞാൻ സഭയുടെ ശ്രദ്ധയെ തിരിക്കുകയാണ്.

''പിരിച്ചുവിടപ്പെട്ട തൊഴിലാളികളെ ഉടനടി തിരിച്ചെടുക്കാത്തപക്ഷം ട്രാൻസ്പോർട്ട് തൊഴിലാളികൾ പണിമുടക്ക് ഉൾപ്പെടെയുള്ള സമരപരിപാടികൾ സ്വീകരിക്കുന്നതാണ്. ആ സമരത്തിൽ കോർപ്പറേഷൻറെ ഒറ്റൊറ്റ ബസ്പോലും കേരളത്തിൽ ചലിക്കുകയില്ലെന്നും അച്യുതമേനോനെ വിനീതമായി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ജീവനു ജീവനും, ചോരയ്ക്ക് ചോരയും നൽകി തൊഴിലാളികളുടെ മൗലികമായ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് അസോസിയേഷൻറെ പേരിൽ ഞാൻ പ്രഖ്യാപിക്കുന്നു.

എൻ. ജി. ഒ. യൂണിയൻ ജനറൽസെക്രട്ടറി ശ്രീ. ഇ. പത്മനാഭൻ പുറപ്പെടുവിച്ചതും 12-1-1970-ലെ ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്താവനയിലെ ഒരു ഖണ്ഡിക ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

''ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ പിരിച്ചുവിട്ട തൊഴിലാളികളെ നടത്തിവരുന്ന സത്യാഗ്രഹസമരം ഇനിയുമധികം നീണ്ടുപോകാൻ പാടില്ലെന്നും, ഒരു പണിമുടക്കുസമരം അനിവാര്യമാണെന്നും, അങ്ങനെ പണിമുടക്കുന്ന ദിവസം ഒരൊറ്റ ബസ്പോലും ബോർഡുവച്ച സ്ഥലത്തെത്താൻ അനുവദിക്കുകയില്ലെന്നും എൻ. ജി. ഒ. യൂണിയൻ ജനറൽസെക്രട്ടറി ശ്രീ. ഇ. പത്മനാഭൻ പ്രസ്താവിച്ചിരിക്കുന്നു.

ഈ രണ്ടു പ്രസ്താവനകളും വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്കു പറയാനുള്ളത്. വളരെ ഗൗരവാവഹമായി ഉണ്ടായ ഈ സംഭവങ്ങൾ ഈ പ്രസ്താവനകളുടെ പശ്ചാത്തലത്തിൽവച്ച് പരിശോധിക്കുമ്പോൾ ഈ വക സംഭവങ്ങൾക്കു നേതൃത്വം നൽകുന്നവർ അല്ലെങ്കിൽ ഈ സംഭവങ്ങൾക്ക് ഉത്തരവാദികളായവരെ തെറ്റിദ്ധാരണയോ അല്ലെങ്കിൽ ചില ധാരണകളോ ഉണ്ടാക്കത്തക്കവിധത്തിലുള്ള പ്രോൽസാഹജനകമായ ചില പ്രസ്താവനകളും ഈ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

നടന്നുകൊണ്ടിരുന്നുയെന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞത്. അതു കൊണ്ട് ഈ നടന്ന സംഭവങ്ങളുടെയെല്ലാം വെളിച്ചത്തിൽ സാധാരണക്കാരായ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിൽ ഉള്ള സമാധാനവും ശാന്തിയും ഉപദേശിക്കുന്ന പ്രസ്താവനകൂടി പുറത്തുവരേണ്ടിയിരിക്കുന്നു. എല്ലാ ഭാഗത്തുനിന്നും ഇങ്ങനെയുള്ള പ്രസ്താവനകൂടി ഉണ്ടാകണം. വാസ്തവത്തിൽ ഇങ്ങനെയുള്ള ഒരു നിലപാട് സ്വീകരിക്കാനുള്ള പ്രേരണ ഉണ്ടായിരുന്നു. പ്രേരകമാണെന്നു കാണാവുന്ന തരത്തിൽ പ്രസ്താവനയെ വ്യാഖ്യാനിച്ചു കുറ്റം പറയാനല്ല എന്റെ ശ്രമം. അതിനുംപുറമെ പണിമുടക്ക് ഒരു പരാജയമായിരുന്നുയെന്നുള്ളത് ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകൂടിതന്നെ സാക്ഷ്യംവഹിക്കുന്നു. അപ്പോഴും നൈരാശ്യം ഉണ്ടാകും. ആ നൈരാശ്യം പ്രവർത്തിക്കുന്നതിൽ ഒരു അതിരുവേണം. ഈവക സംഭവങ്ങൾക്കു വാസ്തവത്തിൽ വിരാമമിടാൻ, ആളുകളെ ചുട്ടുകരിക്കുന്ന ഈ തത്വശാസ്ത്രം ഈനാട്ടിൽ പ്രചരിപ്പിക്കാതിരിക്കാൻ ഞാൻ താണുവീണ് അപേക്ഷിക്കുകയാണ്. അതേയവസരത്തിൽ ശക്തമായ നടപടികളെടുക്കുമെന്നു ഞാൻ പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്റെ സ്നേഹിതൻ കേശവദേവിന്റെ ഒരു കഥയുടെ തലക്കെട്ടുമാത്രം ഞാൻ അവസാനമായി പറയുന്നു. ''കൊല്ലരുത് അനിയാ കൊല്ലരുത്''.

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റ് നടപടികളും നടത്താമെന്ന് ഇതിനുമുമ്പും സഭയിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടു കുറച്ചുകൂടി വ്യക്തമാക്കേണ്ടതുണ്ട്.

Mr. Speaker: No, No. ഇതേപ്പറ്റി പറയേണ്ട കാര്യങ്ങളും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു. വളരെ സുശക്തമായ രീതിയിൽ ഇതേപ്പറ്റി നടപടികളും ഗവൺമെന്റ് നടത്താമെന്നു പറഞ്ഞു. വളരെ ഭീകരമായ സംഭവമായിപ്പോയി എന്നുള്ളതു വളരെ കാര്യമായി അദ്ദേഹം വിശദീകരിച്ചു പറഞ്ഞുകഴിഞ്ഞു. നടത്താമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാക്കുകളിൽനിന്നു തീർച്ചയായിട്ടും നടപടി വിശ്വസിക്കാവുന്നതായ കാര്യമാണ്. ഈ സംഭവത്തെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തുകയാണെങ്കിൽ അത് ഈ അടിയന്തിരപ്രമേയം അനുവദിച്ചു നടത്തേണ്ട ചർച്ചയാണ് വേണ്ടതെന്നാണ് എന്റെ അഭിപ്രായം. പക്ഷേ ഇന്ന് ഇത് അനുവദിക്കാനുള്ള മനോഭാവവും വാസ്തവത്തിലുണ്ടായിരുന്നു. ഇന്നു വെള്ളിയാഴ്ചയാണ്. വെള്ളിയാഴ്ചയായതുകൊണ്ട്—അടിയന്തിരപ്രമേയം അനുവദിച്ചാൽ ഇന്നുതന്നെ ചർച്ചചെയ്തു തീർക്കേണ്ടതുണ്ട്—ഇന്ന് മറ്റു പ്രമേയങ്ങളും ഇരിക്കുന്നതുകൊണ്ട് തീർച്ചയായിട്ടും അടിയന്തിരപ്രമേയം ചർച്ച ചെയ്യാനുള്ള സമയമില്ല. എല്ലാ ആളുകളും എല്ലാ ബഹുമാനപ്പെട്ട പാർട്ടി നേതാക്കൻമാരും സംസാരിക്കാൻ തുടങ്ങിയാൽ അതിനുള്ള സമയമില്ല. അടിയന്തിര പ്രാധാന്യം അർഹിക്കുന്ന സംഗതിയാണെന്നു ഞാൻ ഈ ബഹുമാനപ്പെട്ട സഭയുടെ വികാരങ്ങളെ മാനിച്ചുകൊണ്ട്,അംഗീകരിച്ചുകൊണ്ട് ഇന്ന് അതിനു സമയമില്ലാത്തതുകൊണ്ട് ഞാൻ ഇതു മാറ്റിവയ്ക്കുകയാണ്. അടിയന്തിരപ്രമേയം അനുവദിക്കാൻ റൂൾ അനുവദിക്കുന്നില്ല. അടിയന്തിര പ്രമേയം അംഗീകരിച്ചാൽ ഇന്നുതന്നെ എടുക്കണമെന്നാണ് റൂൾ. ഏതായാലും.....

ശ്രീ. പി. എസ്. ശ്രീനിവാസൻ: അടിയന്തിരപ്രമേയമില്ലെങ്കിൽ ചർച്ച ചെയ്യുന്നതിന് ഒരവസരം തന്നാൽ മതി.

മി. സ്പീക്കർ: ഏതായാലും ഗവൺമെന്റ് ഈ സംഗതിയെസംബന്ധിച്ച് അതുൾക്കൊള്ളുന്ന എല്ലാ ഗൗരവത്തോടുംകൂടി കാണുന്നു എന്നും ഈമാതിരി സംഭവങ്ങളും വരാതിരിക്കുന്നതിനു ഗവൺമെന്റുഭാഗത്തുനിന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ നടപടികളും ഗവൺമെന്റു ഭാഗത്തുനിന്നും എടുക്കുമെന്നും ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് അടിയന്തിരപ്രമേയത്തിന് വളരെ ഖേദത്തോടുകൂടിയാണെങ്കിലും അനുമതി നൽകുന്നില്ല.

ശ്രീ. കെ. കരുണാകരൻ: ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒറ വിശദീകരണംകൂടി കിട്ടേണ്ടതുണ്ട്. ബോർഡുവച്ച സ്ഥലത്ത് ബസ്സുകളും ചെന്നു ചേരുകയില്ലെന്നു ഗവൺമെന്റു ജീവനക്കാരുടെ യൂണിയന്റെ സെക്രട്ടറി, ഇന്നും സർക്കാർ ജീവനത്തിൽ തുടരുന്ന ആൾ പ്രസ്താവന പുറപ്പെടുവിക്കുകയും, മിനിഞ്ഞാന്ന് രണ്ടുമൂന്നാളുകളുടെ ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ട് ബോർഡുവച്ച സ്ഥലത്ത് ബസ്സുകളും ചെന്നെത്താതിരിക്കുകയും ചെയ്ത സ്ഥിതിവിശേഷത്തിൽ, ഈ കാര്യം ഉണ്ടാവുമെന്നു സർക്കാർ ഉദ്യോഗസ്ഥൻ മുന്നറിയിപ്പു നൽകിയിട്ടുപോലും അതിനെ തടയാൻ എന്തു നടപടി നടത്തിയെന്നും ഇനി ഗവൺമെന്റ് എന്തുചെയ്യുമെന്നും ഞങ്ങൾക്ക് വ്യക്തമായി അറിയണം. നിരപരാധികളായ സഞ്ചാരികൾക്ക് ഉദ്ദേശിച്ച സ്ഥലത്ത് എത്തിച്ചേരാൻ സാദ്ധ്യമല്ലാത്ത സാഹചര്യം ഉണ്ടാക്കാൻ ഏതു പാർട്ടി ശ്രമിച്ചാലും അതിനെ അടിച്ചമർത്താൻ ഗവൺമെന്റിന് സാധിക്കുന്നില്ലെങ്കിൽ അതു ഖേദകരമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിക്കണം.

മി. സ്പീക്കർ: ഇല്ലാ, ഞാൻ ചർച്ചയ്ക്ക് ഇട നൽകുന്നില്ല. ശ്രീ. കെ. കരുണാകരൻതന്നെ എന്റെ അനുവാദമില്ലാതെയാണു സംസാരിച്ചത്. അദ്ദേഹം സംസാരിക്കേണ്ട ആവശ്യമില്ലായിരുന്നു. അങ്ങനെയാണെങ്കിൽ എല്ലാ പാർട്ടി നേതാക്കന്മാർക്കും അടിയന്തിരപ്രമേയത്തിനു നോട്ടീസു കൊടുത്ത എല്ലാ ആളുകൾക്കും സംസാരിക്കാൻ അനുമതി കൊടുക്കേണ്ടിവരും. അടിയന്തിരപ്രമേയത്തിന് അനുമതിനൽകുന്നില്ല.

ശ്രീ. കെ. എം. ജോർജ്: അങ്ങ് അനുവദിക്കുമെങ്കിൽ ഈ ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങൾക്ക് ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയിക്കാനുള്ള ഉൽക്കണ്ഠയുണ്ട്. ഇത് രാജ്യത്തിന്റെ മുഴുവനും കാര്യമാണ്. ആഭ്യന്തര മന്ത്രി പറഞ്ഞപ്പോൾ മിക്ക കാര്യങ്ങളും സ്പർശിച്ചു എങ്കിലും അതിപ്രധാനമായ ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാൻ ദയവായി അങ്ങ് അനുവദിക്കുമെങ്കിൽ ഈ സഭയ്ക്കും രാജ്യത്തിനും നൻമ ചെയ്യും. അങ്ങ് അനുവദിക്കുമെങ്കിൽ ഞാൻ പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പണിമുടക്കിയവർക്കെതിരായ മർദ്ദനത്തെസംബന്ധിച്ചു ഞങ്ങളുടെ അടിയന്തിരപ്രമേയമുണ്ട്. ശ്രീ. ജോർജിനു സമയം കൊടുത്താൽ ഞങ്ങൾക്കും തരണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കമുള്ള ആളുകൾക്ക് പറയാനുള്ള അവസരം കൊടുക്കേണ്ടതാണ്.

(സഭയിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ പ്രതിപക്ഷനേതാവിനു സംസാരിക്കാം.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: സർ, ഇന്ന് ആഭ്യന്തരകാര്യ മന്ത്രി പറഞ്ഞകാര്യം ചർച്ച ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. എന്നാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾമാത്രമേ ചർച്ച ചെയ്യാവൂ എന്നുള്ള നിലപാട് എടുത്തുകൂടാ. (ഭരണകക്ഷിബഞ്ചുകളിൽ ബഹളം) എന്നെ പറയാൻ അനുവദിക്കണം. ഇന്നലെയും മിനിഞ്ഞാന്നും കാവാലത്തും, ചെറിയനാടും, തൈയ്ക്കാട്ടുശേരിയിലും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. മജീദ്: അതു വേറെകാര്യമാണ്. (പ്രതിപക്ഷത്തു ബഹളം)

Mr. Speaker: Order, Order, Please.

(രണ്ടുവശത്തും വളരെയധികം മെമ്പർമാർ എഴുന്നേറ്റുനിന്ന് ഓരോന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നു. ഒന്നും വ്യക്തമായി കേൾക്കാൻ നിവൃത്തിയില്ല)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഞാൻ അനുവാദം കൊടുത്തതനുസരിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചത്. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് അദ്ദേഹം സ്പർശിക്കേണ്ടതായ കാര്യങ്ങൾ സ്പർശിച്ചു സംസാരിക്കും. അതിന് ഇത്ര ബഹളമുണ്ടാക്കുകയും വികാരക്ഷോഭം ഉണ്ടാക്കുകയും ഒരു രംഗം സൃഷ്ടിക്കുകയും ചെയ്യുന്നത് തീർച്ചയായിട്ടും ആവശ്യമില്ലാത്ത കാര്യങ്ങളാണ്. ഇനി ഈ രംഗം ആവർത്തിക്കരുത്.

Shri T. A. Majid: Sir, a point of order.

(ശ്രീ. സി. കെ. ബാലകൃഷ്ണൻ, ശ്രീ. സി.ബി. ചന്ദ്രശേഖരവാരിയർ, എ. വി. ആര്യൻ, മുതലായവർ അതു സമ്മതിക്കാൻ ഒക്കുകയില്ല എന്നു വിളിച്ചു പറയുന്നുണ്ടായിരുന്നു)

ശ്രീ. ടി. എ. മജീദ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത് ട്രാൻസ്പോർട്ട് സമരത്തെയും അതിനെത്തുടർന്നുണ്ടായിട്ടുള്ള പൈശാചികമായ, രാക്ഷസീയമായ, നടപടികളെപ്പറ്റിയുമാണ്. അതിനെക്കുറിച്ചുമാത്രമേ പറയാൻ പാടുള്ളൂ. വേറെ ഒന്നും പറയാൻ പാടില്ല. അതേപ്പറ്റിമാത്രം പ്രതിപക്ഷ നേതാവ് പറയണം. വേറെ കാര്യം പറയണമെങ്കിൽ അദ്ദേഹത്തിന് പ്രത്യേക സമയം കൊടുക്കണം

മി. സ്പീക്കർ: ഈ മാതിരിയുള്ള ധാരാളം അടിയന്തിരപ്രമേയങ്ങൾ കൊണ്ടുവന്ന് കൈകാര്യം ചെയ്തു പരിചയമുള്ള ആളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. ഒരു സംഗതിയെപ്പറ്റി സംസാരിക്കുമ്പോൾ ഏതേതു കാര്യങ്ങൾ പറയണം, ഏതു പറഞ്ഞുകൂടാ എന്നുള്ളതിനെപ്പറ്റി അദ്ദേഹത്തിനു തീർച്ചയായിട്ടും നിശ്ചയമുണ്ടായിരിക്കും.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഒരു വിശദീകരണം, അങ്ങ് അടിയന്തിരപ്രമേയത്തിന് അനുമതിനൽകിയോ?

(ഇരു വശത്തും മെമ്പറൻമാർ ഈ സമയം എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ ഓരോന്നു വിളിച്ചു പറയുകയും നെയിം ബോർഡ് എടുത്ത് ടേബിളിൽ ഇടിച്ച് ശബ്ദമുണ്ടാക്കുകയും ചെയ്യുന്നുണ്ടായിരുന്നു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ, എനിക്ക് നിയന്ത്രിച്ചുകൊണ്ട് പോകാൻ സാദ്ധ്യമല്ലെങ്കിൽ, എന്നെക്കൊണ്ട് നിയന്ത്രിച്ചുകൊണ്ടുപോകാൻ അനുവദിക്കുകയില്ലെങ്കിൽ കുറേസമയം സഭാനടപടികളും മാറ്റിവച്ചിട്ട് എങ്ങനെയാണ് സഭാ നടപടികളും ഭംഗിയായി മുന്നോട്ടുകൊണ്ടുപോകേണ്ടതാണെന്ന് എല്ലാവരും കൂടി ആലോചിച്ചതിനുശേഷം പിന്നീട് ഈ മാതിരിയുള്ള കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയാൽ മതിയെന്നു തീരുമാനമെടുക്കേണ്ടിവരും. എല്ലാവരുംകൂടി എഴുന്നേറ്റു നിന്നാൽ എങ്ങനെയാണ്? ഒരു പോയിന്റ് ഓഫ് ഓർഡർ ശ്രീമാൻ മജീദ് ഉന്നയിച്ചു. ഇതിനെസംബന്ധിച്ചിടത്തോളം പ്രതിപക്ഷനേതാവ് ഇങ്ങനെയുള്ള സന്ദർഭത്തിൽ തങ്ങൾക്കു പറയേണ്ടതായ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങേം സംസാരിക്കണമെന്നു പറഞ്ഞു. ഞാൻ അനുവദിച്ചതനുസരിച്ച് അദ്ദേഹം സംസാരിക്കാൻ തുടങ്ങി. പിന്നീട് ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ് ഒരു പോയിന്റ് റെയിസു ചെയ്തിരിക്കുകയാണ്.

(സഭയിൽ വീണ്ടും ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ പ്രമേയം സംബന്ധിച്ചുള്ളതായ അനുമതി ഞാൻ നിഷേധിച്ചു കഴിഞ്ഞു. കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട കരുണാകരൻ എഴുന്നേറ്റു സംസാരിച്ചു. അദ്ദേഹം അനുവാദമില്ലാതെ സംസാരിച്ചതാണെന്നുള്ള അഭിപ്രായം ഞാൻ പറഞ്ഞു. അതു പറഞ്ഞതു വലിയ തെറ്റാണെന്നല്ല ഞാൻ സംസാരിക്കുന്നതിനിടയിൽ വേണ്ടായിരുന്നു, അവസാനിപ്പിക്കാമായിരുന്നു എന്നാണു പറഞ്ഞത്. അങ്ങനെ സംസാരിച്ചപ്പോഴാ മറ്റു മെമ്പറൻമാർ സംസാരിക്കണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിനെപ്പറ്റി സംസാരിക്കാൻ തുടങ്ങി. അനുമതി നിഷേധിച്ചതിനുശേഷം സംസാരം തുടർന്നുകൊണ്ടു പോകേണ്ട കാര്യമില്ലായിരുന്നു. പ്രതിപക്ഷ നേതാവ് സംസാരിച്ച സന്ദർഭത്തിൽ ചില കാര്യങ്ങളെസംബന്ധിച്ച് അദ്ദേഹം സ്പർശിച്ചു സംസാരിക്കുന്നതിനെസംബന്ധിച്ച് അഭിപ്രായവ്യത്യാസമുള്ളവർ പോയിന്റ് ഓഫ് ഓർഡറുമായി എഴുന്നേറ്റു. ഇതെല്ലാം സ്വാഭാവികമായ നടപടിക്രമങ്ങളനുസരിച്ച് വരുന്നതാണ്. ഇതിനിത്ര വലിയ രോഷം ഉണ്ടാകേണ്ടതുണ്ടായിരുന്നോ എന്നെനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അങ്ങ് എന്നെ സംസാരിക്കാൻ അനുവദിച്ചു.....

ശ്രീ. പി. എം. അബൂബേക്കർ: സർ പോയിന്റു ഒഫ് ഓർഡർ.

(ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: എന്റെ പോയിന്റ് ഒഫ് ഓർഡർ അനുവദിക്കാതെ അദ്ദേഹം പ്രസംഗിക്കേണ്ട. അതിന് ഒരു റൂളിംഗ് തരണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കുറുപ്പിനു പോയിന്റ് ഒഫ് ഓർഡർ ഉന്നയിക്കാൻ ഇപ്പോഴത്തന്നെ സമയം തരാം. ഒരു പോയിന്റ് ഒഫ് ഓർഡർ ഉന്നയിച്ചു സംസാരിക്കുന്നതിനിടയിൽ.....

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയുടെ അന്തസ്സു പാലിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വിരമിക്കുന്നു.

(ബഹളം)

(Shri K. Karunakaran and Dr. George Thomas followed by the members of their parties then walked out of the House)

(ഉദ്ദേശം അഞ്ചുമിനുട്ടുനേരം ഭരണകക്ഷിയംഗങ്ങളും പ്രതിപക്ഷാംഗങ്ങളും ഉച്ചത്തിൽ പലതും വിളിച്ചു പറഞ്ഞുകൊണ്ടേയിരുന്നു)

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഈ നിലയിൽ എനിക്കു ഇങ്ങനെ നിയന്ത്രിച്ചുകൊണ്ടുപോകാൻ കഴിയുമെന്നു അറിയാൻ കഴിയുന്നില്ല. ഏതായാലും എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എന്നെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട എല്ലാ പാർട്ടി നേതാക്കൻമാരുമായി ആലോചിച്ചശേഷമേ സഭാനടപടികളും മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ എന്നാണ് തോന്നുന്നത്. ഇപ്പോൾ സമയം 9.35 ആയിരിക്കുന്നു. പത്തു മണിക്കു കൂടുന്നവിധം ഈ സഭ ഞാൻ പിരിച്ചുവിടുന്നു.

The House adjourned at 9.35 a.m. and reassembled at 10.00 a.m.

Private Members' Business

Report of the Committee on Private Members' Bills and Resolutions:

Mr. Speaker: We will now take up Private Members' Business.

Shri N. Ganapsthy: Sir, on a point of order.

ஸ்ரீ. என். கணபதி: ஸர், பிரதானப்பட்ட காரியம் ஸ்பீக்கர் அவர்களிடம்.....

മി. സ്പീക്കർ: പോയിൻറ് ആഫ് ആർഡറിനു തക്കവണ്ണം കാര്യമെന്താണ്. ഞാൻ ഇവിടെ വന്നിരുന്നതല്ലേ ഉള്ളു, ആരും ഒന്നും പറഞ്ഞില്ലല്ലോ.

ஸ்ரீ. என். கணபதி: ஸர், இது எனக்கு மட்டுமா அல்லது எல்லோருக்கும் இப்படித்தானு?

മി. സ്പീക്കർ: ഞാൻ ഇപ്പോൾ അനുവദിക്കുന്നില്ല.

ஸ்ரீ. என். கணபதி: ஸர், ஹைரேசுகளில் கண்ணுடி சர்வே ஒன்றும் நடத்தாமல் ப்ரவிஷனலாக பட்டா கொடுத்து பாமர ஏழைகளை ஏமாற்றுவதற்காகவா?

മി. സ്പീക്കർ: അങ്ങനെയാണ്. Now Mr. Abu will present the Report of the Committee on Private Members' Bills and Resolutions.

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മറിയുടെ ഒന്നാമത്തെ റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Shri T. V. Thomas: I second it.

The question that the Report of the Committee on Private Members' Bills and Resolutions be adopted was put and carried.

The Report was adopted.

RESOLUTIONS

(i) *Reorganisation of the Planning Board.*

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള: "കേരളത്തിനുവേണ്ടി ഒരു പദ്ധതിയും മറ്റനവധി പഠന റിപ്പോർട്ടുകളും തയാറാക്കിയ പ്ലാനിംഗ് ബോർഡിലെ അനുദ്യോഗസ്ഥാംഗങ്ങളെ പിരിച്ചു വിട്ടുകൊണ്ട് ഉദ്യോഗസ്ഥൻമാരെമാത്രം

LIBRARY ARCHIVES Kerala Legislative Assembly